"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - കോടഞ്ചേരി സെന്റ്. ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു എച്ച് എസ് എസ് ടി (ജൂനിയർ) മലയാളം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, സിസ്റ്റർ ലിസമ്മ ജോസഫ്ന് എച്ച് എസ് എസ് ടി (ജൂനിയർ) മലയാളം തസ്തികയിൽ നിയമന അംഗീകാരം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.51/2026/GEDN തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. സിസ്റ്റർ ലിസമ്മ ജോസഫ്, റിട്ട. എച് എസ് എസ് ടി (മലയാളം) സെന്റ് ജോസഫ്സ് എച് എസ് എസ്, കോടഞ്ചേരി, കോഴിക്കോട് ജില്ല സമർപ്പിച്ച 24/11/2025 ലെ പുന.പരിശോധനാ ഹർജി.
2. സ.ഉ.(കൈ)നം. 47/2017/പൊ.വി.വ തിയതി. 08/06/2017
3. സ. ഉ. (സാധാ) നം. 5371/2024/ജി.ഇഡിഎൻ തിയതി 29/08/2024
4. സ.ഉ (സാധാ) നം. 9627/2025/ജി.ഇഡിഎൻ തിയതി 11/11/2025

**<u>ഉത്തരവ്</u>**

താമരശ്ശേരി രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള കോടഞ്ചേരി സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം അധ്യാപികയായ ശ്രീമതി. ലിസി ചെറിയാൻ -ന് 19/06/2019 ന് ടി മാനേജ്മെന്റിന് കിഴിലുള്ള തിരുവമ്പാടി സേക്രട്ട് ഹാർട്ട് എച്ച്.എസ്.എസ് ലേക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിലേക്ക് ഹൈസ്കൂൾ വിഭാഗം മലയാളം അധ്യാപിക ആയ സിസ്റ്റർ ലിസാമ്മ ജോസഫിന് 19/06/2019 ൽ തസ്തികമാറ്റ നിയമനം നൽകി. എന്നാൽ സെന്റ് ജോസഫ്സ് എച്ച്.എസ്.എസ് കോടഞ്ചേരിയിലെ 2019-20 അധ്യയനവർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തിക 2019-20 അധ്യയന വർഷം മുതൽ സൂപ്പർ ന്യൂമററി ആയി തുടരുന്നതായി കണ്ടെത്തിയിരുന്നു. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തികയിൽ 2019-20 അധ്യയന വർഷത്തെ ജോലിഭാരം 6 x 5 = 30 ആയിരുന്നു. 08/06/2017 ലെ സ.ഉ.(കൈ)നം. 47/17/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2017-18 മുതൽ 1 മുതൽ 6 വരെയുള്ള പിരീയഡുകൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ

മാത്രമേ നിയമനം നടത്തുവാൻ സാധിക്കൂ. ആയതിനാൽ സിസ്റ്റർ ലിസമ്മ ജോസഫ് -ന്റെ 19/06/2019 മുതൽക്കുള്ള എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം തസ്തികയിലുള്ള തസ്തികമാറ്റ നിയമനം 17/09/2021 ലെ എ4/163/2021/കെ.ഡിസ് നമ്പർ പ്രകാരം ഹയർ സെക്കന്ററി കോഴിക്കോട് മേഖലാ ഉപമേധാവി നിരസിച്ച് ഉത്തരവായിരുന്നു. ഇതിനെതിരെ കോർപ്പറേറ്റ് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും 17/02/2023 ലെ എസിഡി.ബി1/227166/2022/എച്ച്. എസ്.ഇ നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു.

2) എച്ച് എസ് എസ് ടി (ജൂനിയർ) മലയാളം തസ്തികയിലെ 19/06/2019 മുതലുള്ള തന്റെ തസ്തികമാറ്റ നിയമനം അംഗീകരിക്കുന്നതിനായി സിസ്റ്റർ ലിസാമ്മ ജോസഫ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം.36807/2023 മ്മേലുള്ള 02/02/2024 ലെ വിധിന്യായം പ്രകാരം സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ഹർജിക്കാരിയുടെ ആവശ്യം നിരസിച്ചുകൊണ്ട് 29/08/2024 ലെ സ.ഉ.(സാധാ) നം.5371/2024/ജി.ഇ.ഡി.എൻ പ്രകാരം ഉത്തരവായി. ടി ഉത്തരവിനെതിരെ ഹർജിക്കാരി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No. 33021/2024 ലെ 19/5/2025 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം വീണ്ടും പരിശോധിക്കുകയും നിയമനം നിരസിച്ചുകൊണ്ട് സ.ഉ (സാധാ) നം. 9627/202/പൊവിവ തിയതി 11/11/2025 പ്രകാരം ഉത്തരവായി.

3) എച്ച് എസ് എസ് ടി (ജൂനിയർ) മലയാളം തസ്തികയിലെ 19/06/2019 മുതലുള്ള തന്റെ തസ്തികമാറ്റ നിയമനം അംഗീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 1 പുന.പരിശോധന ഹർജിയിൽ സിസ്റ്റർ ലിസാമ്മ ജോസഫ് അപേക്ഷിച്ചിട്ടുണ്ട്.

4) അപേക്ഷകയായ സിസ്റ്റർ ലിസമ്മ ജോസഫിന് 19.06.2019 നാണ് താമരശ്ശേരി രൂപത കോപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിൽ എച് എസ് എസ് ടി (ജൂനിയർ) മലയാളം ആയി ബൈട്രാൻസ്ഫ്ര്‍ നിയമനം മാനേജർ നൽകിയത്. എന്നാൽ ആയതു നിശ്ചിത സമയത്തിനുള്ളിൽത്തന്നെ പരിശോധിക്കാതെ 2 വർഷം കഴിഞ്ഞാണ് പ്രസ്തുത നിയമനം അംഗീകരിക്കാൻ കഴിയില്ല എന്ന പറഞ്ഞു കോഴിക്കോട് മേഖലാ ഉപമേധാവി നിരസിച്ചത്. അപേക്ഷക 31.03.2023 ന് സർവീസിൽ നിന്ന് വിരമിക്കുകയും ചെയ്തു. അപേക്ഷക പ്രസ്തുത തസ്തികയിൽ 3 വർഷം 9 മാസം സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലെ മാർഗനിർദേശങ്ങൾ പ്രകാരം പ്രസ്തുത സ്കൂളിൽ അന്നുണ്ടായിരുന്ന 5 അധിക പീരീഡുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ദിവസ വേതന അധ്യാപികയുടെ ആവശ്യവും ഉണ്ടായിരുന്നു. ഇതിനു പുറമെ അപേക്ഷകയുടെ നിയമനം അംഗീകരിക്കാത്തതിനാൽ ജൂനിയർ തസ്തികകളിലെ അധ്യാപകരുടെ നിയമനവും മുടങ്ങിയിരിക്കുകയാണെന്ന കാര്യവും പരിഗണിക്കേണ്ടതുണ്ട്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട്, കോടഞ്ചേരി സെന്റ്. ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിൽ 19.06.2019 മുതൽ 31.03.2023 വരെ

ഒരു എച്ച് എസ് എസ് ടി (ജൂനിയർ) മലയാളം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് ടി തസ്തികയിൽ സിസ്റ്റർ ലിസമ്മ ജോസഫ്ന് എച്ച് എസ് എസ് ടി (ജൂനിയർ) മലയാളം ആയി നിയമന അംഗീകാരം നല്കുന്നതിന് കോഴിക്കോട് ഹയർസെക്കന്ററി മേഖലാ ഉപമേധാവിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
മേഖലാ ഉപമേധാവി, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോഴിക്കോട്
കോർപ്പറേറ്റ് മാനേജർ, താമരശ്ശേരി രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി, താമരശ്ശേരി കോഴിക്കോട് ജില്ല
സിസ്റ്റർ ലിസമ്മ ജോസഫ്, റിട്ട. എച് എസ് എസ് ടി (മലയാളം), സെന്റ് ജോസഫ്സ് എച് എസ് എസ്, കോടഞ്ചേരി, കോഴിക്കോട്
ധനകാര്യ വകുപ്പ് (9/2/2026 ലെ E:3403600/EDN-B1/45/2026-Fin റിമാർക്സ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം. 3759 തിയതി 28-02-2026)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by ഉത്തരവിൻ പ്രകാരം
Asha Rani M
Date: 05-03-2026 15:02:44
സെക്ഷൻ ഓഫീസർ